പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3008 07.12.2018 ന് മറുപടിയ്ക്ക്.

## വാഴക്കാട് ഐ.ടി.ഐ. ആരംഭിക്കുന്നതിലെ കാലതാമസം

ചോദ്യം ഉത്തരം

ശ്രീ.ടി. വി. ഇബ്രാഹിം : ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച ഐ.ടി.ഐ.കൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിലെ വാമനപുരം, വർക്കല, കൊല്ലം ജില്ലയിലെ ചടയമംഗലം, കൊട്ടാരക്കര, മയ്യനാട് കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ചാത്തമംഗലം കണ്ണൂർ ജില്ലയിലെ പിണറായി, പടിയൂർ, പന്ന്യന്നൂർ, പാലക്കാട് ജില്ലയിലെ പെരുമാട്ടി, കാസർഗോഡ് ജില്ലയിലെ കോടോം-ബേളൂർ, കുറ്റിക്കോൽ എന്നിവിടങ്ങളിൽ പുതിയ സർക്കാർ ഐ.ടി.ഐ.കൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിൽ പുതിയ ഐ.ടി.ഐ. ആരംഭിക്കുവാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;<br><br>(സി) പ്രസ്തുത ഐ.ടി.ഐ. യ്ക്കായുള്ള സ്ഥലം വാഴക്കാട് ഗ്രാമപഞ്ചായത്ത് നൽകുമെന്ന് സർക്കാർ ഉത്തരവ് ഉണ്ടായിട്ടും ഐ.ടി.ഐ. യുടെ പ്രവർത്തനം നാളിതുവരെ തുടങ്ങാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | | (ബി) യും (സി) യും 2018-19 ലെ ബഡ്ജറ്റിൽ വാഴക്കാട് ഐ.ടി.ഐ ആരംഭിക്കുന്ന വിഷയം ഉൾപ്പെടുത്തിയിട്ടില്ല. അടുത്ത സാമ്പത്തിക വർഷം ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ